**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** **10-10-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക ബാധ്യതയില്ലാതെ അധ്യാപക പുനർവിന്യാസം വഴി അധിക ഡിവിഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | 2014-15 വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായ അധ്യാപകർക്കാണ് പുനർവിന്യാസത്തിനായി സംരക്ഷണം നിലവിൽ അനുവദിച്ചിട്ടുള്ളത്. അധിക ഡിവിഷനുകളിൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(2) പ്രകാരമാണ് ഇവരെ പുനർ വിന്യസിക്കുന്നത്. ഓരോ വർഷവും അധിക ഡിവിഷൻ അനുവദിക്കുമ്പോൾ മേൽ ചട്ടപ്രകാരം പുനർവിന്യാസം നടത്താവുന്ന ഒഴിവുകളിൽ അർഹരായവർക്ക് പുനർവിന്യാസം നൽകുന്നുണ്ട് . |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ പുത്തൻ കടപ്പുറത്ത് നൂറുവർഷത്തിലേറെയായി പ്രവർത്തിക്കുന്ന എസ്.ബി.എസ്.എൽ.പി. സ്കൂളിന്റെ മാനേജർ അധിക ഡിവിഷൻ അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | എസ്.ബി.എസ്.എൽ.പി സ്കൂളിന്റെ മാനേജർ അധിക ഡിവിഷൻ അനുവദിച്ച് കിട്ടുന്നതിനായി വൈപ്പിൻ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ നാലാം ക്ലാസിൽ അധിക ഡിവിഷൻ അനുവദിക്കുന്നതിനായി സ്കൂൾ പരിശോധനയിൽ, കെ ഇ ആർ നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് 2 ക്ലാസ് മുറികളെ ലഭ്യമുള്ളൂ. നിലവിലുള്ള പരിമിതമായ ഭൗതിക സാഹചര്യം അനുസരിച്ച് കേരള വിദ്യാഭ്യാസ ചട്ടപ്രകാരം അധിക ഡിവിഷൻ അനുവദിക്കുവാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ